പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3201 18/10/2016 -ൽ മറുപടിയ്ക്ക്

തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ ശ്രാദ്ധതർപ്പണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ഹിന്ദുവിന്റെ ഷോഡശ കർമ്മത്തിൽ പറഞ്ഞിട്ടുള്ള ശ്രാദ്ധത്തിനായി ദിവസവും ആയിരക്കണക്കിന് ഭക്ത ജനങ്ങൾ എത്തിച്ചേരുന്ന തിരുവല്ലം പരശുരാമ ക്ഷേത്രത്തിൽ ശ്രാദ്ധ തർപ്പണം ചെയ്യുന്നതിനുള്ള തോടിന്റെ ദയനീയ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) ശ്രാദ്ധ തർപ്പണം ചെയ്യുന്നതിനുള്ള ഈ തോട്ടിൽ ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) & സി) | കരമന നദി പുനരുജ്ജീവന പദ്ധതിയിലുൾപ്പെടുത്തി, തിരുവല്ലം തോടിൽ പരശുരാമ ക്ഷേത്ര പരിസരത്തുള്ള ബലിദർപ്പണ സ്ഥാനം മാലിന്യ വിമുക്തമാക്കുന്നതിന് ജലസേചന വകുപ്പ് മുഖാന്തിരം ഒരു തടയണ, ഒരു പമ്പ് ഉൾപ്പെടെ പമ്പ് ഹൗസ്, അഴുക്ക് കെട്ടിക്കിടക്കാതിരിക്കാൻ ആവശ്യമായ സ്ലോപ്പ് കറക്ഷൻ, ഒരു പുതിയ ബലിക്കടവ്, കൂടുതൽ ശുചിമുറികൾ, ഇന്റർലോക്ക് ചെയ്ത നടപ്പാതകൾ, മാലിന്യ സംസ്കരണത്തിനായി ബയോ ഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ എന്നിവ ഉൾപ്പെടെ 88 ലക്ഷം രൂപയുടെ കരമന നദീശാസ്ത്രീയ പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. |
| സി) പ്രസ്തുത തോട് എല്ലാ ദിവസവും വൃത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | ഈ തോടിനു സമീപം കിഴക്കുമാറി ഒഴുകുന്ന കരമനയാറ്റിൽ പിതൃതർപ്പണം ചെയ്യാനുള്ള സൗകര്യം ഒരുക്കുമോ; | ഡി)<br>&<br>ഇ) | പരിശോധിക്കാവുന്നതാണ്. |
| ഇ) | പാർവതി പുത്തനാറിൽ നിന്നുള്ള മലിനജലം ക്ഷേത്ര സന്നിധിയിലുള്ള ബലിക്കടവിൽ എത്തുന്നത് തടയുന്നതിനായി ഇടയാർ പാലത്തിൽ ഷട്ടർ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ